**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.48 — 10.06.2013 ൽ മറുപടിയ്ക്ക്

## പശ്ചിമഘട്ട സംരക്ഷണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പശ്ചിമഘട്ടത്തിന് അന്താരാഷ്ട്ര ഹെറിറ്റേജ് പദവി ലഭിച്ചത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ഇല്ല. എന്നാൽ പശ്ചിമഘട്ട മേഖലയുടെ അന്താരാഷ്ട്ര ഹെറിറ്റേജ് പദവിയുമായി ബന്ധപ്പെട്ട വിവരങ്ങൾ യുനസ്കോയുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. |
| (ബി) പശ്ചിമഘട്ട സംരക്ഷണം സംബന്ധിച്ച് മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് കസ്തൂരിരംഗൻ റിപ്പോർട്ട് എന്നിവയെക്കുറിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) ഉണ്ട്.<br>രണ്ടു റിപ്പോർട്ടുകൾ സംബന്ധിച്ചും സർക്കാർ വിശദമായ ചർച്ചകളും പരിശോധനകളും നടത്തുകയും, വിദഗ്ധാഭിപ്രായം തേടുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത റിപ്പോർട്ടുകളിലെ ഏതെല്ലാം ശുപാർശകളാണ് സംസ്ഥാനത്തിന് സ്വീകരിക്കുവാൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) പ്രൊഫ.മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ സ്വീകാര്യമായ ശുപാർശകൾ സംബന്ധിച്ച്, സംസ്ഥാന സർക്കാർ ശ്രീ.കസ്തൂരിരംഗൻ സമിതിക്കു സമർപ്പിച്ച മെമ്മോറാണ്ടത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഈ മെമ്മോറാണ്ടത്തിന്റെ പകർപ്പ് ബഹുമാനപ്പെട്ട എം.എൽ.എ മാർക്കു ലഭ്യമാക്കിയിട്ടുണ്ട്. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച സർക്കാർ നിലപാട് അതിന്മേൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന സർവ്വകക്ഷി സമ്മേളനത്തിനു ശേഷം രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ